പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --2913 22.06.2012 ൽ മറുപടിക്ക്

## നോർക്കാ റൂട്ട്സ് മുഖേനയുള്ള ചികിത്സാ ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) നോർക്കാ റൂട്ട്സ് മുഖേന പ്രവാസികൾക്ക് ചികിത്സാധനസഹായം നൽകുന്നതിനുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ )<br>1. നോർക്ക – റൂട്ട്സ് മുഖേന പ്രവാസികൾക്ക് നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന വഴി ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്.<br>2. നോർക്ക – റൂട്ട്സിന്റെ തനതു ഫണ്ടായ ചെയർമാൻ ഫണ്ടിൽ നിന്നും ചികിത്സാധനസഹായം നൽകി വരുന്നുണ്ട്. |
| (ബി)ചെയർമാൻ ഫണ്ട് എന്ന പേരിൽ ചികിത്സാ ധനസഹായം നൽകുന്നുണ്ടോ; | (ബി) തിരികെ വന്ന നിർധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക – റൂട്ട്സിന്റെ പദ്ധതിയായ ചെയർമാൻ ഫണ്ട് വഴി ചികിത്സാസഹായം നൽകിവരുന്നുണ്ട്. പരമാവധി 25,000/- രൂപയാണ് സഹായമായി നൽകിവരുന്നത് |
| (സി)എങ്കിൽ പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി)<br>1. ചെയർമാൻ ഫണ്ടിനു കീഴിൽ സഹായം ലഭിക്കുന്നതിലേക്കായി വാർഷിക വരുമാനപരിധി 50,000/- രൂപയിൽ കുറവായിരിക്കണം പ്രവാസ |

ജീവിതകാലയളവ് കുറഞ്ഞത് രണ്ട് വർഷമെങ്കിലും ഉണ്ടായിരിക്കുകയും വേണം.

2. സാന്ത്വന പദ്ധതിയിൽ ധനസഹായം ലഭിക്കാത്ത സാഹചര്യങ്ങളിൽപ്പെട്ടവർക്കാണ് പ്രധാനമായും ഈ പദ്ധതി വഴി സഹായം അനുവദിച്ചുവരുന്നത്.

3. പ്രത്യേക സാഹചര്യങ്ങളിൽ നോർക്ക - റൂട്ട്സ് ചെയർമാൻ/ വൈസ് ചെയർമാൻ എന്നിവരുടെ പ്രത്യേക അനുമതിയോടെ അർഹതപ്പെട്ട അപേക്ഷകർക്ക് പ്രസ്തുത പദ്ധതി മാനദണ്ഡങ്ങളിന്മേൽ ഇളവ് വരുത്തി ധനസഹായം അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ